**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലവിതരണം മെച്ചപ്പെടുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ജലവിതരണ ശൃംഖലയും ജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തിന്റെ ജലവിതരണ ശൃംഖലയും ജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി സർക്കാർ കേന്ദ്ര - സംസ്ഥാന സംയുക്ത പദ്ധതികളായ അമൃത്, ജല ജീവൻ മിഷൻ, നബാർഡ് തുടങ്ങിയ പദ്ധതികളും, KIIFB, റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI), സ്റ്റേറ്റ് പ്ലാൻ, ADB Assisted Kerala Urban Water Services Improvement Project, തുടങ്ങിയവയുടെ കീഴിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.<br><br>**അമൃത് പദ്ധതി**യുടെ ഭാഗമായി നഗരപ്രദേശങ്ങളിലെ ജലവിതരണവും മലിനജല സംസ്കരണ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്ന തിനുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കിവരുന്നു.<br>**റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ** ഭാഗമായി ജലവിതരണ സംവിധാനങ്ങൾ കൂടുതൽ കരുത്തുറ്റ താക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.<br><br>വിവിധ നഗര, ഗ്രാമ പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി **കിഫ്ബി** ധനസഹായത്തോടെ ജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിലൂടെ കഠിനമായ കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങളുടെ നിലവിലെ ജലശുദ്ധീകരണ, വിതരണ ശൃംഖല ഘടകങ്ങളുടെ പുതുക്കി പണിയലും, നവീകരിക്കലും, അതോടൊപ്പം പുതിയ പ്ലാന്റുകളും, അനുബന്ധ യൂണിറ്റുകളും സ്ഥാപിക്കുന്നതും വിവിധ പാക്കേജുകളിലായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.<br><br>ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ ജലവിതരണ ശൃംഖലയും ജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനു വേണ്ടി **സംസ്ഥാന പദ്ധതി**യിൽ |

ഉൾപ്പെടുത്തി 427.44 കോടി രൂപയ്ക്ക് 622 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും, അതിൽ 116.30 കോടി രൂപയുടെ 320 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**നബാർഡ് -ധനസഹായത്തോടെ** ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ ജലവിതരണ ശൃംഖലയും ജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉള്ള പദ്ധതികളുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്കുള്ള ജലവിതരണം ശക്തിപ്പെടുത്തുന്നതിനായി പുതുതായി ജലസ്രോതസ്സുകളുടെ സമീപത്തായി സ്ഥാപിക്കുന്ന കിണറുകൾ, ജലശുദ്ധീകരണശാലകൾ, ജലസംഭരണികൾ, ട്രാൻസ്മിഷൻ/ വിതരണ പൈപ്പുകൾ, വിതരണശൃംഖലകൾ സ്ഥാപിക്കൽ/ വിപുലീകരിക്കൽ, പമ്പ് സെറ്റുകൾ/ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, മറ്റ് അനുബന്ധ ഘടകങ്ങൾ ഇവയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയുള്ള പദ്ധതികൾ നടത്തിവരുന്നു.

**ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച്** തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 x 7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്, കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെൻറ് പ്രൊജക്റ്റ് (KUWSIP) പദ്ധതി. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി GO (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ ലഭ്യമായിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. വരുമാന രഹിത ജലത്തിൻറെ അളവ് (NRW) 20% -ൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും, കെ.ഡബ്ല്യൂ.എ ജീവനക്കാരുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ, ബില്ലിംഗ് സംവിധാനങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും, അടങ്ങുന്ന (Water Supply System Operations and Maintenance and System Upgrades in Kochi) പ്രവൃത്തിക്കുള്ള കരാർ, L1 ബിഡറായ M/S SUEZ Projects Pvt. Ltd. JV with M/S SUEZ Eau France മായി 938.70 കോടി രൂപ നിരക്കിൽ (Exd,

Provisional Sum & GST) 21.06.2025 ൽ ഒപ്പ് വച്ചിട്ടുണ്ട്. ഈ പ്രവൃത്തി ആരംഭ ഘട്ടത്തിലുമാണ്. പ്രവൃത്തിയുടെ കാലാവധി 10 വർഷമാണ്.

കൊച്ചിയിൽ സ്ഥിരവും വിശ്വസനീയവുമായ ജല വിതരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിൻറെ ആവശ്യ പ്രകാരം ആദ്യഘട്ടത്തിൽ, കൊച്ചി നഗരത്തിലെ ജലലഭ്യത ഉറപ്പ വരുത്തുവാനായി ആലുവയിൽ 190 എംഎൽഡി ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവും KUWSIP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലുവയിൽ 190 എംഎൽഡി ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണത്തിനായുള്ള 523 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ജല ജീവൻ മിഷൻ പദ്ധതി</u>**

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീട്ടുകളിലും പ്രവർത്തനക്ഷമമായ കുടിവെള്ള ടാപ്പ് കണക്ഷൻ (FHTC - Functional Household Tap Connection) ലഭ്യമാക്കുന്നതിനായുള്ള പദ്ധതി യാണ് ജല ജീവൻ മിഷൻ. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ ജനതയുടെ പ്രത്യേകിച്ച് സ്ത്രീകൾ, മലയോര മേഖലയിലെ ജനങ്ങൾ, എസ്.സി./എസ്.ടി വിഭാഗത്തിൽ പ്പെട്ടവർ ഇവരുടെയൊക്കെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതി. എല്ലാ ഗ്രാമീണ ഭവനങ്ങളിലും പ്രതിദിനം ആളോഹരി 55 ലിറ്റർ ജലമെങ്കിലും (കുറഞ്ഞത്) നൽകാൻ പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷനുകൾ ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ നല്കുക. (കേരളത്തിൽ ആളോഹരി 100 ലിറ്റർ പ്രകാരമാണ് നടപ്പിലാക്കുന്നത്.). പഞ്ചായത്തുകളുടെ ഉടമസ്ഥതയിലാണ് ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തുകൾ തിരഞ്ഞെടുത്തതനുസരിച്ച കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ നിർവഹണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു.

ജല ജീവൻ മിഷൻ പദ്ധതിയിൽ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ ആരംഭിക്കുന്നതിനു മുൻപ് 1/04/2020 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 17.50 ലക്ഷം വീട്ടുകളിലാണ് കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത് (25.06%). പദ്ധതിയിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി ഭരണാനുമതി നൽകിയതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. സ്കീമുകളുടെ പ്രൊഡക്ഷൻ കമ്പോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കുവാൻ കഴിയും. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീട്ടുകളിൽ 38.80 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.57%). |
| (ബി) | സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധമായ കുടിവെള്ളം പൈപ്പുകളിലൂടെ എത്തിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധമായ കുടിവെള്ളം പൈപ്പുകളിലൂടെ എത്തിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ നഗര മേഖലകൾക്കായി അമൃത് പദ്ധതിയും ഗ്രാമീണ മേഖലകൾക്കായി നബാർഡ് പദ്ധതിയും, ജല ജീവൻ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>**അമൃത് 1.0** പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് 1376.62 കോടി രൂപയുടെ 206 കുടിവെള്ള വിതരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 193 ജലവിതരണ പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. അമൃത് 1.0 പദ്ധതി ഏകദേശം 95 ശതമാനം പൂർത്തീകരിച്ച നിലയിലാണ്.<br><br>**അമൃത് 2.0** പദ്ധതിയുടെ ഭാഗമായി നിലവിൽ കേരള വാട്ടർ അതോറിറ്റിക്ക് 2144.08 കോടി രൂപയുടെ 214 കുടിവെള്ള വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ 387 പാക്കേജുകളായി തിരിക്കുകയും, അവയിൽ 113 പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.<br><br>**കിഫ്ബി** ധനസഹായത്തോടെ നാളിതു വരെ 5486.92 കോടി രൂപയുടെ 78 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 5056.685 കോടി രൂപയുടെ 67 കുടിവെള്ള പദ്ധതികളും, 430.233 കോടി രൂപയുടെ (11 സർക്കിളുകളുടെ കീഴിലായി) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന 11 പ്രവൃത്തികളും ഉൾപ്പെടുന്നു. 1115.62 കോടി രൂപയുടെ 30 കുടിവെള്ള പദ്ധതികൾ ഇതിനകം |

പൂർത്തിയാക്കിയിട്ടുണ്ട്. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 11 പദ്ധതികളിൽ 160.39 കോടി രൂപയുടെ 5 പദ്ധതികൾ നാളിതു വരെ പൂർത്തികരിക്കാൻ സാധിച്ചിട്ടുണ്ട്.

**നബാർഡ്-** സംസ്ഥാനത്തെ ഗ്രാമപ്രദേശ ങ്ങളിലെ ജനങ്ങൾക്കു കുടിവെള്ളം എത്തിക്കുന്ന തിനായി കേന്ദ്ര - സംസ്ഥാന സംയുക്ത പദ്ധതിയായ നബാർഡ് ധനസഹായത്തോടെ ഭരണാനുമതി നൽകിയ 503.31 കോടി രൂപയുടെ 16 പദ്ധതികളിൽ, 438.01 കോടി രൂപയുടെ 15 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു . ബാക്കിയുള്ള 65.30 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**<u>ജല ജീവൻ മിഷൻ പദ്ധതി</u>**

ജല ജീവൻ മിഷൻ പദ്ധതിയിൽ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ ആരംഭിക്കുന്നതിനു മുൻപ് 1/04/2020 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 17.50 ലക്ഷം വീട്ടുകളിൽ ആണ് കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത് (25.06%). പദ്ധതിയിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി ഭരണാനുമതി നൽകിയ 21.31 ലക്ഷം കണക്ഷനുകൾ നൽകി. സ്കീമുകളുടെ പ്രൊഡക്ഷൻ കമ്പോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കുവാൻ കഴിയും. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീട്ടുകളിൽ 38.80 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.57%). ജല ജീവൻ മിഷൻ പദ്ധതിയിൽ 620 സ്കീമിൽ, 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 3239 പ്രവൃത്തികൾ പൂർത്തിയാക്കുകയും, 1703 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 8033.29 കോടി രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുണ്ട്. (ആകെ – 13643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപ ചിലവഴിച്ചിട്ടുണ്ട് .

പദ്ധതി തുടങ്ങിയതിനു ശേഷം നാലുവർഷം കൊണ്ടുതന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. 30.4 ശതമാനത്തോളം വർദ്ധന ഗ്രാമീണ കണക്ഷനുകളുടെ കവറേജിൽ ഈ ചെറിയ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു. പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3

| | | | |
|---|---|---|---|
| | | | ജില്ലകളിൽ മാത്രമാണ 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ).<br><br>ഇപ്പോൾ :<br><br>0 % ന് മുകളിൽ കവറേജ് – 1 ജില്ല (കൊല്ലം)<br><br>50-70% വരെ കവറേജ് – 6 ജില്ലകൾ (തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ )<br><br>45% ന് മുകളിൽ കവറേജ് – 3 ജില്ലകൾ (പത്തനംതിട്ട, കോട്ടയം, മലപ്പുറം)<br><br>മറ്റു ജില്ലകൾ - 30% ന് മുകളിൽ കവറേജ് കൈവരിച്ചു.<br><br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 120 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. ഈ പഞ്ചായത്തുകൾക്ക് ഇനി കുടിവെള്ള മേഖലയിൽ മൂലധന നിക്ഷേപത്തിനായി അധികം ഫണ്ട് കണ്ടെത്തേണ്ട ആവശ്യമില്ല. മറ്റ് മേഖലകളിലെ വികസനത്തിന് അത്തരം പഞ്ചായത്തുകൾക്ക് ശ്രദ്ധ നൽകുവാനും കഴിയും.<br><br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം). *8 നിയമസഭാ മണ്ഡലങ്ങളിൽ JJM പ്രവൃത്തികൾ ഇല്ല.<br><br>എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജലം ലഭ്യമാക്കി. 86 ജലപരിശോധന ലാബുകൾക്ക് NABL അംഗീകാരം. 5000ത്തോളം കുടുബശ്രീ വനിത കൾക്ക് ജലപരിശോധന ചെയ്യാനുള്ള പരിശീലനം നൽകി. |
| (സി) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രതിശീർഷ ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രതിശീർഷ ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും വേണ്ടി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 39.10 കോടി രൂപയ്ക്ക് 94 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും, അതിൽ 10.75 കോടി രൂപയുടെ 43 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>**നബാർഡ്** ധനസഹായത്തോടെ ഭരണാനുമതി നൽകിയ 503.31 കോടി രൂപയുടെ 16 |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ, 438.01 കോടി രൂപയുടെ 15 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള 65.30 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും പ്രവർത്തനക്ഷമമായ കുടിവെള്ള ടാപ്പ് കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് **ജല ജീവൻ മിഷൻ.** സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രതിശീർഷ ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പദ്ധതി സംബന്ധമായ വിശദമായ പുരോഗതി റിപ്പോർട്ട് ഭാഗം (ബി) ഉത്തരത്തിൽ നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ നഗരമേഖലയിലെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കുമോ; | (ഡി) | സംസ്ഥാനത്തെ നഗരമേഖലയിലെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ അമൃത് 1.0, അമൃത് 2.0, ജല ജീവൻ മിഷൻ പദ്ധതി, സംസ്ഥാന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>മേൽ പദ്ധതികളിലൂടെ പഴകിയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കൽ, സംഭരണശേഷി വർദ്ധിപ്പിക്കൽ, ജല ശുദ്ധീകരണ ശാലകളുടെ നിർമാണം, നവീകരണം എന്നിവ ലക്ഷ്യമിട്ടു പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതുവഴി നഗരപ്രദേശങ്ങളിലെ ജലലഭ്യതയും വിതരണ കാര്യക്ഷമതയും മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന പദ്ധതിയിൽ നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 188.49 കോടി രൂപയുടെ 157 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ഇതിൽ 32.20 കോടി രൂപയുടെ 45 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുകയാണ്.<br><br>**ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച്** തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 x 7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്, കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെൻറ് പ്രൊജക്റ്റ് (KUWSIP) പദ്ധതി. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി GO (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ ലഭ്യമായിട്ടുണ്ട് ADB യും സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. വരുമാനരഹിത ജലത്തിന്റെ അളവ് (NRW) 20%-ൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും, കെ.ഡബ്ല്യൂ.എ ജീവനക്കാരുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ, ബില്ലിംഗ് സംവിധാനങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും, അടങ്ങുന്ന (Water Supply System Operations and Maintenance and System Upgrades in Kochi) പ്രവൃത്തിക്കുള്ള കരാർ, L1 ബിഡറായ M/S SUEZ Projects Pvt. Ltd. JV with M/S SUEZ Eau France, ന് 938.70 കോടി രൂപ നിരക്കിൽ (Exd, Provisional Sum & GST) 21.06.2025 ൽ ഒപ്പു വച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കാലാവധി 10 വർഷമാണ്.<br><br>കൊച്ചിയിൽ സ്ഥിരവും വിശ്വസനീയ വുമായ ജല വിതരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആവശ്യ പ്രകാരം ആദ്യഘട്ടത്തിൽ, കൊച്ചി നഗരത്തിലെ ജലലഭ്യത ഉറപ്പു വരുത്തുവാനായി ആലുവയിൽ 190 എംഎൽഡി ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവും KUWSIP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണ ത്തിനായുള്ള 523 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സുരക്ഷിതമായ കുടിവെള്ളം തടസ്സരഹിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിശദമാക്കുമോ? | (ഇ) | ജലശുദ്ധീകരണ പ്ലാന്റുകളുടെ നിർമ്മാണവും ശേഷിവർദ്ധനവും, മലിനജല സംസ്കരണ സംവിധാനങ്ങളുടെ വികസനം എന്നിവ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജല ജീവൻ മിഷനിലൂടെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |

സെക്ഷൻ ഓഫീസർ